## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3019 — 13.03.2018-ൽ മറുപടിക്ക്

### ഒറ്റപ്പാലം മണ്ഡലത്തിൽ വരൾച്ചയെ പ്രതിരോധിക്കുവാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഇത്തവണത്തെ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ അതിരൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ ആണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ തോടുകളും തടയണകളും വൃത്തിയാക്കുകയും സംരക്ഷിക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിണർ റീ ചാർജ്ജിംഗ്, കുളങ്ങളുടെ പുനരുദ്ധാരണം എന്നിവയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതികളും പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരള മിഷന്റെ വിവിധ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br><br>ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നഗരസഭാ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതു ജലാശയങ്ങൾ ശുദ്ധീകരിക്കുക, കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക, ടാങ്കറിൽ കൂടി വെള്ളം വിതരണം ചെയ്യുന്നതിന് ലോറികൾ സജ്ജമാക്കുക, തടയണകൾ (ചീർപ്പ് ഷട്ടറുകൾ) വൃത്തിയാക്കുക പൊതുകുഴൽ കിണറുകൾ ഉപയോഗപ്രദമാക്കൽ തുടങ്ങിയ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ പുന:രുദ്ധാരണം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും നിർവ്വഹിച്ചുവരുന്നു. മലയോര മേഖലകൾ ഉൾപ്പെടുന്ന നഗരസഭകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക കിയോസ്കുകളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി വരുന്നു. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ, കനാലുകൾ, നദികൾ എന്നിവയുടെ പുന:രുജ്ജീവന പ്രവൃത്തികളും ഏറ്റെടുത്തുവരുന്നു.<br><br>1. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് 5 കുടിവെള്ള പദ്ധതികൾക്കായി 34.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലക്കിടി-പേരൂർ |

ഗ്രാമപഞ്ചായത്ത് കുളത്തിന്റെ നിർമ്മാണത്തിനായി 10.59 ലക്ഷം രൂപയും തടയണ നിർമ്മാണത്തിനായി 4.42 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

3. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ ബഹു.ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചീനക്കപ്പറമ്പ് കുടിവെള്ള പദ്ധതിക്കായി 5 ലക്ഷം രൂപയും അനുവദിച്ച് കൊടുത്തിട്ടുണ്ട്. ആയത് പുരോഗമിച്ചു വരുന്നു.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും ഒറ്റപ്പാലം ബ്ലോക്ക് പരിധിയിൽ വരുന്നതുമായ അമ്പലപ്പാറ, ലക്കിടി-പേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് 5 കുടിവെള്ള പദ്ധതികളും ഒരു കുളത്തിന്റെ നിർമ്മാണവും ഒരു തടയണയുടെ നിർമ്മാണവും പുരോഗമിച്ചു വരുന്നുണ്ട്.

ബി) ഒറ്റപ്പാലം മണ്ഡലത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ബി) പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.

ഒറ്റപ്പാലം നഗരസഭയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 2-തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
2. 4-താൽക്കാലിക തടയണകളുടെ നിർമ്മാണം പൂർത്തിയായി.
3. 20 പൊതു കിണറുകൾ റിപ്പയർ ചെയ്തു.
4. 2-പൊതു കുളങ്ങൾ നവീകരിക്കുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്, റൂറൽ ഇൻഫ്രാസ്ട്രക്ചർ, പിന്നോക്ക വിഭാഗങ്ങൾക്കായി വ്യക്തഗത ആസ്തികൾ സൃഷ്ടിക്കൽ എന്നീ ഇനങ്ങളിലുൾപ്പെടുത്തി 152 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 95 എണ്ണം പൂർത്തീകരിക്കുകയും 63 എണ്ണം നടന്നു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | വരൾച്ചയെ പ്രതിരോധിക്കാനായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ |
|---|---|---|
| 1 | അമ്പലപ്പാറ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളുടെ തടയണ നിർമ്മിച്ച് വെള്ളം സംഭരിച്ച് വച്ചിട്ടുണ്ട്.പുതിയ കുളങ്ങളുടെയും.കിണറുകളുടെയും നിർമ്മാണ പ്രവർത്തികള് നടത്തി വരുന്നുണ്ട്.തോടുനവീകരണവും നടത്തി വരുന്നുണ്ട്.കിണർ റീ ചാർജ്ജിംഗ് നടത്തിയിട്ടുണ്ട്. |
| 2 | കടമ്പഴിപ്പുറം | പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കുളങ്ങളും മാലിന്യം നീക്കി വൃത്തിയാക്കി ആഴം കൂട്ടിയിട്ടുണ്ട്.തോടുകൾക്ക് തടയിണ നിർമ്മിച്ച് വെള്ളം സംഭരിച്ചു വച്ചിട്ടുണ്ട്. |
| 3 | ലെക്കിടി പേരൂർ | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള കുളങ്ങളുടെ പുനരുദ്ധാരണം, പുതിയ കുളങ്ങള് കുഴിക്കുക,തോടുകളുടെ നവീകരണം,, കിണർ റീ ചാർജ്ജിംഗ് എന്നിവ നടത്തി വരുന്നു. |
| 4 | കരിമ്പുഴ | പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കുളങ്ങളും മാലിന്യം നീക്കി വൃത്തിയാക്കി ആഴം കൂട്ടിയിട്ടുണ്ട്.തോടുകൾക്ക് തടയിണ നിർമ്മിച്ച് വെള്ളം സംഭരിച്ചു വച്ചിട്ടുണ്ട്. കരിമ്പുഴ പുഴയ്ക്ക് താത്ക്കാലിക തടയണ നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയാണ് |
| 5 | പൂക്കോട്ടുകാവ് | എല്ലാ വീടുകളിലും കിണർ റീചാർജ്ജിങ്ങിനുള്ള നടപടികള് സ്വീകരിച്ചിരുന്നു. കുളങ്ങളും കനാലും വൃത്തിയാക്കുകയും ആഴം കൂട്ടുകയും പുതിയത് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| 6 | ശ്രീകൃഷ്ണപുരം | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള കുളങ്ങളുടെ പുനരുദ്ധാരണം, പുതിയ കുളങ്ങള് കുഴിക്കുക,തോടുകളുടെ നവീകരണം,, കിണർ നിർമ്മാണം എന്നിവ നടത്തി വരുന്നു. |
| 7 | തച്ചനാട്ടുകര | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണം. തോടുകളുടെ നവീകരണം, തടയണ നിർമ്മാണം, കിണർ നിർമ്മാണം, കിണർ റീ ചാർജ്ജിംഗ് എന്നിവ നടപ്പിലാക്കി |

സെക്ഷൻ ഓഫീസർ